ഉത്തരം

(എ) കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പരിശീലനം നേടിയ ഡോക്ടർമാരാരുംതന്നെ നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിലില്ല

(ബി) പ്രസ്തുത സർജറിക്ക് പരിശീലനം നേടാൻ തയ്യാറാണെന്ന് 11 ഡോക്ടർമാർ അറിയിച്ചിട്ടുണ്ട്. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ഡോ. രമേശ് രാജൻ
2. ഡോ. ബോണി നടേശൻ
3. ഡോ. സിന്ധു
4. ഡോ. സന്ദേശ്. കെ.
5. ഡോ. പ്രതാപൻ. വി. കെ.
6. ഡോ. രാജേഷ്. പി. ആർ.
7. ഡോ. രവീന്ദ്രൻ. സി.
8. ഡോ. എം. എൻ. ശശികുമാർ
9. ഡോ. ജോസ് ഗമാലിയൻ
10. ഡോ. സാം ക്രിസ്റ്റി മാമ്മൻ
11. ഡോ. സുനിൽ കുമാർ.

(സി) ഇവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രം വികസിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ

67 (4351) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രം വികസിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ, ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

931/2019

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു.

(ബി) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 24-11-2014-ൽ ബഹു. സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടിയിരുന്നു. പ്രസ്തുത മീറ്റിംഗിൽ ജില്ലാ കളക്ടർ ചെയർമാനായും ഡി.എം.ഒ. കൺവീനറായും മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ജോയിന്റ് കൺവീനറുമായി പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ എച്ച്.ഡി.എഫ്. മെമ്പർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഹീമോഫീലിയ രോഗികൾക്ക് ആനുകൂല്യങ്ങൾ

68 (4352) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏറ്റവും കൂടുതൽ രോഗികൾ ആവശ്യപ്പെടുന്ന ഫാക്ടർ 8, ഫാക്ടർ 9 മരുന്നുകൾ സൗജന്യമായി മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുമോ ;

(സി) വരുമാന പരിധി ബാധകമാക്കാതെ ഹീമോഫീലിയ രോഗചികിത്സ പൂർണ്ണമായും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോട്ടറി വകുപ്പിന്റെ കാരുണ്യ പദ്ധതിയിലൂടെ എല്ലാ ഹീമോഫീലിയ രോഗികൾക്കും മൂന്നുലക്ഷം രൂപ നൽകിവരുന്നു. അതിനുപുറമേ ഇവർക്ക് 1000 രൂപ പെൻഷനും നൽകുന്നുണ്ട്. ഹീമോഫീലിയ രോഗികൾക്കാവശ്യമായ ഫാക്ടർ 8, ഫാക്ടർ 9, ഫീബ ഇൻജക്ഷനുകൾ എസൻഷ്യൽ ഡ്രഗ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 29-11-2014-ലെ സ.ഉ. (കൈ) നമ്പർ 337/14/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്കാവശ്യമായ ഫാക്ടർ 8, ഫാക്ടർ 9, ഫീബ ഇൻജക്ഷനുകൾ എസൻഷ്യൽ ഡ്രഗ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ലഭ്യമാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly